വി.ആർ. 457130/2022/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
06-07-2022

# സർക്കുലർ

സർ,

വിഷയം : വിദ്യാരംഗം കലാസാഹിത്യവേദി-സംസ്ഥാന സർഗോത്സവം സംബന്ധിച്ച്.

വിദ്യാരംഗം കലാസാഹിത്യവേദിയുടെ 2022-23 അക്കാദമിക വർഷത്തെ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ എൽ.പി., യു.പി., ഹൈസ്കൂളുകളിലും വിദ്യാരംഗം കലാസാഹിത്യവേദിയുടെ യൂണിറ്റുകൾ രൂപവല്കരിക്കേണ്ടതും മാർഗരേഖാ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്. സ്കൂൾ, ഉപജില്ല, ജില്ല എന്നീ തലങ്ങളിലാണ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടത്. കഥ, കവിത, അഭിനയം, ചിത്രം, നാടൻപാട്ട്, കാവ്യാലാപനം, പുസ്തകാസ്വാദനം എന്നീ ഇനങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്രവർത്തനങ്ങൾ നൽകി മികച്ച കുട്ടികളെ കണ്ടെത്തി മേൽത്തട്ടിലെ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കേണ്ടതാണ്. എല്ലാ സ്കൂളുകളിലും മാർഗരേഖാപ്രകാരമുള്ള സർഗോത്സവങ്ങൾ സമയബന്ധിതമായി നടത്തേണ്ടതാണ്. സർഗോത്സവങ്ങൾ സ്കൂൾതലം, ഉപജില്ലാതലം, ജില്ലാതലം എന്നീതലങ്ങളിൽ പൂർത്തിയാക്കേണ്ടതാണ്. എല്ലാ തലങ്ങളിലെയും സർഗോത്സവങ്ങൾ മികച്ച ശില്പശാലാ അനുഭവമാക്കി മാറ്റാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം. ഓരോ ഉപജില്ലയുടെയും ഭൗതിക സാഹചര്യം കണക്കിലെടുത്ത് സർഗോത്സവത്തിലെ പങ്കാളികളുടെ എണ്ണം നിശ്ചയിക്കേണ്ടതാണ്. ജില്ലാതല സർഗോത്സവങ്ങൾക്ക് ഉപജില്ലകളിൽനിന്ന് ഓരോ ഇനത്തിലും 2 കുട്ടികളെയെങ്കിലും പങ്കെടുപ്പിക്കണം. ഉപജില്ല/ജില്ല സർഗോത്സവങ്ങൾ ശില്പശാലകൾക്ക് പ്രാധാന്യം കൊടുത്ത് രണ്ടുദിവസങ്ങളിലായി സംഘടിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സർഗോത്സവങ്ങളുടെ നടത്തിപ്പു ചുമതലയും സമയക്രമവും താഴെക്കൊടുക്കുന്നു.

| തലം | നടത്തിപ്പു ചുമതല | സമയക്രമം |
|---|---|---|
| സ്കൂൾതലം | പ്രിൻസിപ്പാൾ/പ്രഥമാധ്യാപകർ,<br>വിദ്യാരംഗം കോ-ഓർഡിനേറ്റർ | ആഗസ്റ്റ് 30 ന് മുമ്പ് |
| ഉപജില്ലാതലം | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ,<br>വിദ്യാരംഗം ഉപജില്ലാ കോ-ഓർഡിനേറ്റർ | സെപ്റ്റംബർ 30 ന് മുമ്പ് |
| ജില്ലാതലം | വിദ്യാഭ്യാസ ഉപഡയറക്ടർ,<br>വിദ്യാരംഗം ജില്ലാ കോ-ഓർഡിനേറ്റർ | ഒക്ടോബർ 30 ന് മുമ്പ് |

എല്ലാ സ്കൂളുകളും വിദ്യാരംഗം പ്രവർത്തനങ്ങൾക്കായി താഴെപ്പറയുന്ന തുക ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസുകളിൽ അടയ്ക്കേണ്ടതാണ്.

എൽ.പി. സ്കൂൾ -100/- രൂപ
യു.പി. സ്കൂൾ -200/- രൂപ
ഹൈസ്കൂൾ -300/- രൂപ

വിദ്യാഭ്യാസ ഓഫീസർമാർ സ്കൂളുകിൽനിന്നും തുക സമാഹരിച്ച് ആയതിൽനിന്ന് 70% വിദ്യാരംഗം ഉപജില്ലാതല പ്രവർത്തനങ്ങൾക്കും 30% ജില്ലാതല പ്രവർത്തനങ്ങൾക്കും വിനിയോഗിക്കേണ്ടതാണ്.

**സന്തോഷ് സി.എ.**
പൊതുവിദ്യാഭ്യാസ അഡീ. ഡയറക്ടർ (ജനറൽ)

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ പ്രിൻസിപ്പാൾ/പ്രധാനാധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)
എല്ലാ വിദ്യാരംഗം ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
എല്ലാ വിദ്യാരംഗം ഉപജില്ലാ കോ-ഓർഡിനേറ്റർമാർക്കും (എ.ഇ.ഒ. മാർ മുഖേന)